**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6151** **09-11-2021 - ൽ മറുപടിയ്ക്ക്**

**പൈപ്പുകൾ റിപ്പയർ ചെയ്യുന്നതിൽ ഉദ്യോഗസ്ഥരുടെ വീഴ്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴ മണ്ഡലത്തിലെ പല പൊതുമരാമത്ത് റോഡുകളിലെയും വാട്ടർ അതോറിറ്റി പൈപ്പുകൾ ഇടയ്ക്കിടെ പൊട്ടുന്നതുമൂലം പ്രസ്തുത മേഖലകളിൽ മാസങ്ങളോളം കുടിവെള്ളം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പൊട്ടുന്ന പൈപ്പുകൾ യഥാസമയം റിപ്പയർ ചെയ്യുന്നതിൽ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നത് മൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടിന് പരിഹാരം കാണാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | പൈപ്പുകൾ പൊട്ടുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ ബന്ധപ്പെട്ട പി.ഡബ്ല്യൂഡി. അധികാരികളെ അറിയിച്ച് റോഡ് മുറിക്കുന്നതിനുള്ള അനുവാദം ലഭ്യമാക്കി അറ്റകുറ്റപ്പണികൾ കേരള വാട്ടർ അതോറിറ്റി കഴിയുന്നത്ര വേഗത്തിൽ നടത്താറുണ്ട്. പി.ഡബ്ല്യൂഡി റോഡുകൾ കുഴിക്കുന്നതിന് നൽകേണ്ട തുക അനുവദിച്ച് കിട്ടുന്നതിലെ താമസം, ഉയർന്ന ജല നിരപ്പ് എന്നിവമൂലം ചില സന്ദർഭങ്ങളിൽ അറ്റകുറ്റപ്പണികൾക്ക് കാലതാമസം ഉണ്ടാകാറുണ്ട്. കൂടാതെ നഗരത്തിലെ വിതരണ ശൃംഖലകൾ പല സ്ഥലങ്ങളിലും പരസ്പരം ബന്ധിപ്പിച്ചിട്ടുള്ളതിനാൽ ടി ലീക്കുകൾ പരിഹരിക്കുവാൻ ഒന്നിലധികം പമ്പു ഹൗസുകളിലെ പമ്പിങ് ഒരേ സമയം നിർത്തി വെയ്ക്കേണ്ടി വരും.ആയതിനാൽ പമ്പിങ് ക്രമീകരിച്ച മാത്രമേ ലീക്കുകൾ പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ. മേൽപ്പറഞ്ഞ കാരണങ്ങൾ കൊണ്ടാണ് ചില അവസരങ്ങളിൽ ലീക്ക് പരിഹരിക്കുവാൻ കാല താമസം ഉണ്ടാകുന്നത്. അമൃത്, കിഫ്ബി എന്നീ പദ്ധതികളിൽപ്പെടുത്തി നഗര പ്രദേശങ്ങളിലും സമീപ പഞ്ചായത്തുകളിലും പുതിയ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ, അനുബന്ധ പ്രവൃത്തികൾ എന്നിവ നടന്നു വരുന്നുണ്ട്. ആയവ കമ്മീഷൻ ചെയ്തു വരുന്ന മുറക്ക് പ്രശ്ന പരിഹാരം ഉണ്ടാകുന്നതുമാണ്. |
| (സി) | അമ്പലപ്പുഴ ക്ഷേത്രത്തിന്റെ പടിഞ്ഞാറ് ഭാഗം അമ്പലപ്പുഴ-തിരുവല്ല റോഡിൽ മാസങ്ങളായി തുടരുന്ന ലീക്കേജിനെത്തുടർന്ന് ഈ റോഡിലുണ്ടായ | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ഗർത്തത്തിൽ വീണ് സ്കൂട്ടർ യാത്രികൻ തലയ്ക്ക് ഗുരുതര പരിക്കേറ്റ് ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അഡ്മിറ്റായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | വകുപ്പ് മന്ത്രി നടത്തിയ അവലോകന യോഗത്തിൽ തീരുമാനമായിട്ടും എം.എൽ.എ. യും തദ്ദേശസ്വയംഭരണ പ്രതിനിധികളും ആവർത്തിച്ചാവശ്യപ്പെട്ടിട്ടും ഈ പൈപ്പിന്റെ അറ്റകുറ്റപ്പണി നടത്താൻ തയ്യാറാകാതിരുന്ന, പ്രസ്തുത അപകടത്തിന് കാരണക്കാരായ ഉദ്യോഗസ്ഥരുടെ മേൽ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാൻ തയ്യാറാകുമോ? | (ഡി) | അമ്പലപ്പുഴ ക്ഷേത്രത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് വന്നിട്ടുള്ള ലീക്ക്, റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ശേഷം ഉണ്ടായിട്ടുള്ളതാണ്. നിലവിൽ ആലപ്പുഴ നഗരത്തിലേക്കും സമീപ പഞ്ചായത്തുകളിലേയ്ക്കും ശുദ്ധജലം എത്തിക്കുന്ന 800mm DI പമ്പിംഗ് മെയിനിലാണ് ഇത്. ഈ പൈപ്പ് ലൈൻ ഏകദേശം 2.5 മീറ്റർ താഴ്ചയിലും ഉറപ്പ് കുറവുള്ള മണ്ണിലുമാണ് സ്ഥാപിച്ചിട്ടുള്ളത് എന്നതിനാൽ ലീക്കിന്റെ പ്രഭവ സ്ഥാനം കണ്ട് പിടിക്കുന്നത് ശ്രമകരവും അറ്റകുറ്റ പണി നടത്തുന്നതിനായി കൂടുതൽ നീളത്തിൽ റോഡ് മുറിക്കേണ്ടി വരുന്നതുമാണ്. നിലവിൽ ടി പ്രദേശത്തെ ഉയർന്ന ജലനിരപ്പും ഈ കാലഘട്ടത്തിലെ അതിയായ മഴയും വളരെ താഴ്ചയിലും നീളത്തിലും കുഴി എടുക്കുന്നതിന് തടസ്സമാകുന്നതിനോടൊപ്പം ടി പ്രവൃത്തി ചെയ്യുന്നതിന് പമ്പിംഗ് പൂർണ്ണമായും നിർത്തി വെയ്ക്കേണ്ടി വരുന്നതും കൂടുതൽ സമയം ശുദ്ധ ജല വിതരണം തടസ്സമാകുന്നതിന് കാരണമാകുന്നതുമാണ്. നിലവിൽ KRFB യിൽ നിന്നും റോഡ് മുറിക്കുന്നതിന് വാക്കാൽ അംഗീകാരം ലഭ്യമായ പ്രകാരം 04.11.2021 ൽ ടി ചോർച്ച അടക്കുന്നതിനുള്ള പ്രവൃത്തി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയിട്ടുണ്ട്. എന്നിരുന്നാലും സമയ ബന്ധിതമായി പൈപ്പിന്റെ അറ്റകുറ്റ പണി നടത്തുന്നതിൽ ഉദ്യോഗസ്ഥ തലത്തിൽ വീഴ്ചകൾ വന്നിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല അച്ചടക്ക നടപടികൾ സ്വീകരിക്കുന്ന കാര്യവും സർക്കാർ പരിഗണിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ